# മാപ്പിള സ്ത്രീസ്വത്വനിർമിതിയും ഭാഷാമനോഭാവവും

ഡോ. ജമീൽ അഹമ്മദ്
അസി. പ്രൊഫസർ, ഗവ. കോളേജ് മലപ്പുറം

ആമുഖം

ഭാഷയുടെ സാമൂഹികാപഗ്രഥനത്തിലൂടെ (Sociology of Language) ഏറനാടൻ മാപ്പിളമാരുടെ വാമൊഴിയിലെ സവിശേഷതകൾ അപഗ്രഥിച്ച് അവരുടെ മതസ്വത്വത്തെ വിശകലനം ചെയ്യുന്നതിന്റെ ഭാഗമായാണ്, അവരുടെ ഭാഷാമനോഭാവത്തെ അപഗ്രഥനം ചെയ്യാനുള്ള ഈ ശ്രമമുണ്ടാകുന്നത്. ഒരു സമുദായത്തിന്റെ സാമൂഹികസ്വത്വം രൂപപ്പെടുത്തുന്നതിൽ അവരുടെ ഭാഷാമനോഭാവവും (Language attititude) പങ്കുവഹിക്കുന്നുണ്ട്. ഏറനാടൻ മാപ്പിളമാരുടെ വാമൊഴി മലബാറിലെ മാപ്പിളസമുദായത്തിന്റെ പൊതുവായ വാമൊഴിയുടെ ഭാഗംതന്നെയാണ്. അതിനാൽ മലബാറിലെ മുസ്ലിം മാപ്പിളമാരുടെ മതാത്മകസ്വത്വത്തിന്റെ വിശകനത്തിന് മാതൃകയെന്ന രീതിയിലും ഈ അപഗ്രഥനത്തിന് പ്രസക്തിയുണ്ട്. ഒരു ഉപഭാഷാസമൂഹം തങ്ങളുടെ വാമൊഴിയെക്കുറിച്ച് എന്ത് ബോധമാണ് ഉൾക്കൊള്ളുന്നത് എന്ന വിശകലനം സാമൂഹികഭാഷാശാസ്ത്ര വിശകലനത്തിന്റെയും ഭാഗമാണ്.

മാപ്പിളസമൂഹത്തിന്റെ ആഭ്യന്തരഘടന നിർണയിക്കുന്നതിൽ ജാതിസ്വത്വത്തെക്കാൾ ലിംഗസ്വത്വവും മതപരമായ സ്ഥാനഭേദങ്ങളും സാമ്പത്തിക ശ്രേണീകരണങ്ങളുമാണ് പ്രധാന പങ്കുവഹിക്കുന്നത്. അവയിൽ മാപ്പിളസമുദായത്തിലെ ആൺ-പെൺ എന്നീ സാമൂഹിക ചരങ്ങളെയാണ് ഈ അവലോകനത്തിന് സവിശേഷമായി മാനദണ്ഡമാക്കിയിരിക്കുന്നത്. വാമൊഴിയിലെ മതാത്മക ഘടകങ്ങളെക്കുറിച്ച് മാപ്പിളസമുദായത്തിലെ പുരുഷസമൂഹത്തിന്റെയും സ്ത്രീസമൂഹത്തിന്റെയും ബോധങ്ങളെയാണ് താരതമ്യപരമായി ഇവിടെ വിശകലനം ചെയ്യുന്നത്.

ഒരു ഭാഷകസമൂഹത്തിലെ വാമൊഴിയെക്കുറിച്ചുള്ള പഠനം ആ സമൂഹത്തിന്റെ ഘടനയെയും സ്വത്വത്തെയും കുറിച്ചുള്ള പഠനംകൂടിയാണ്. പഠനമേഖലയിൽ ഗവേഷകന്റെ നേരിട്ടുള്ള ഇടപെടലാണ് മണ്ഡലവൃത്തി. ഗവേഷണത്തിനാവശ്യമായ പ്രഥമാകരണ സാമഗ്രികൾ സ്വരൂപിക്കുന്നതിനുവേണ്ടി തയ്യാറാക്കിയ ചോദ്യാവലിയെ അടിസ്ഥാനമാക്കിയാണ് ഈ വിശകനത്തിനാവശ്യമായ ദത്തങ്ങൾ സ്വരൂപിച്ചിട്ടുള്ളത്. പഠനമേഖലയായ ഏറനാട്ടു താലൂക്കിലെ വ്യക്തികളുമായി നേരിട്ടുള്ള അഭിമുഖസംഭാഷണത്തിലൂടെയാണ് ഇവ ശേഖരിച്ചിരിക്കുന്നത്. സമാഹരിക്കപ്പെട്ട ദത്തത്തെ വിശകലനം ചെയ്യുന്നതിനുവേണ്ടി സാംഖികം (Statistics) ഉപയോഗിച്ചിരിക്കുന്നു. സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹിക ശ്രേണിയിലും വ്യത്യാസം പുലർത്തുന്ന സ്ത്രീകളെയും പുരുഷൻമാരെയും പ്രാതിനിധ്യസ്വഭാവം മുൻനിറുത്തി സാംപ്ലിങ് രീതിയിലാണ് സർവേക്ക് സമീപിച്ചത്.

### മാപ്പിളസ്വത്വം

ഭാഷ, സംസ്കാരം, ലിംഗഭേദം, വിശ്വാസാചാരങ്ങൾ, ദേശം തുടങ്ങിയവയിലുള്ള വ്യത്യാസങ്ങളാൽ നിർണയിക്കപ്പെടുന്ന വ്യക്തിസത്തയാണ് സ്വത്വം. വ്യക്തിയെ മറ്റൊരു വ്യക്തിയിൽനിന്ന് വേർതിരിക്കുന്ന സവിശേഷതകളുടെ സമുച്ചയം കൂടിയാണ് അത്. സ്വത്വം ആത്മബോധമാണ്. അതിലുപരി താൻ ഉൾപ്പെടുന്ന വിഭാഗത്തിന്റെ വസ്തുനിഷ്ഠമായ ഗുണം തനിക്കുണ്ടെന്ന അറിവുമാണത്. ചരിത്രം, സംസ്കാരം എന്നിവയുടെ തുടർച്ചയുള്ള ഒരു വിഭാഗത്തിലെ അംഗമാണ് താൻ എന്ന ബോധം നഷ്ടപ്പെടുകയും ചരിത്രപരമായ തന്റെ സ്വത്വത്തെ വിശ്വസിക്കാതിരിക്കുകയും ചെയ്യുമ്പോഴാണ് സ്വത്വപ്രതിസന്ധിയുണ്ടാകുന്നത്. ഒരു സമൂഹത്തിന്റെ സ്വത്വം രൂപപ്പെടുത്തുന്നതിൽ അവരുടെ ഭാഷയ്ക്ക് വലിയ പങ്കുണ്ട്. സമുദായത്തിന്റെ വാമൊഴി അതിന്റെ ഘടന നിർണയിക്കുകമാത്രമല്ല, ആ സവിശേഷഘടനയെ വെളിപ്പെടുത്തുകയും മറച്ചുവെക്കുകയും ചെയ്യാനുള്ള ഉപകരണമായി മാറുകയും ചെയ്യുന്നു. മാപ്പിള എന്ന സമുദായഘടന രൂപപ്പെട്ടതിൽ തന്നെ മതത്തിന്റെ ചരിത്രപരമായ ഇടപെടലുകളുണ്ട്. അതുകൊണ്ടുതന്നെയാണ് മാപ്പിളസമുദായം ഇത്രയും മതാത്മകമായത്. മാപ്പിള സ്വത്വരൂപീകരണത്തിന്റെ പല അടരുകളും നിർണയിക്കുന്നത് അവരുടെ മതമാണ്.

### മാപ്പിളമാരിലെ സ്ത്രീപുരുഷ സമീപനങ്ങൾ

സ്ത്രീക്കും പുരുഷനും വ്യത്യസ്തമായ വ്യവഹാരമേഖലകൾ നിർണയിച്ചുകൊടുക്കുന്ന പാരമ്പര്യമതചിന്തകളുടെ സ്വാധീനം മാപ്പിള

സമൂഹഘടനയിലും ദൃശ്യമാണ്. പുരുഷൻ പൊതുരംഗത്തും കുടുംബത്തിലും അധികാരശ്രേണിയിൽ പൊതുവെ മേലെനിൽക്കുന്നു. തീരുമാനവും സാമ്പത്തിക ക്രയവിക്രയവും പുരുഷൻ നിയന്ത്രിക്കുന്ന പിതൃഅധികാരസമൂഹഘടനയാണ് ഏറക്കുറെ മാപ്പിളസമുദായത്തിലുമുള്ളത്. അതോടൊപ്പം അതേ മതപ്രമാണങ്ങൾ ഉപയോഗപ്പെടുത്തിത്തന്നെ അവളുടെ രാഷ്ട്രീയപ്രവർത്തനം, രാഷ്ട്രീയാധികാരം, പൊതുവിദ്യാഭ്യാസം എന്നിവയെ ഏതാണ്ടെല്ലാ മാപ്പിള വിഭാഗങ്ങളും പ്രോത്സാഹിപ്പിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു. എങ്കിൽപോലും പാരമ്പര്യനിഷ്ഠമായ മതവിശ്വാസത്തിൽ ഉറച്ചുനില്ക്കുന്ന ഒരു സമൂഹഘടന എന്ന നിലയിൽ മാപ്പിളമാരുടെയും പൊതു സാമൂഹിക വ്യവഹാരങ്ങളിൽ പുരുഷനാണ് മേൽക്കൈ.

അതോടൊപ്പം പൊതു വ്യവഹാരങ്ങളിലെ മാപ്പിളസ്ത്രീ ഇപ്പോഴും അടിച്ചമർത്തപ്പെട്ടവളായും മതത്തിന്റെ അകത്തളങ്ങളിൽ ബന്ധിക്കപ്പെട്ടവളുമായാണ് പൊതുവെ ചിത്രീകരിക്കപ്പെടുന്നത്. മതാത്മക പുരുഷാധിപത്യത്തിന്റെ തടവറയിൽ പുറംലോകം കാണാതെയും പരിഷ്കരിക്കപ്പെടാതെയും പീഡനമനുഭവിക്കുന്ന മുസ്ലിം സ്ത്രീ നവോത്ഥാനത്തിന്റെ ആനുകൂല്യങ്ങളൊന്നും അനുഭവിക്കാതെ അറിവുകേടിന്റെയും ആവിഷ്കാരനിഷേധത്തിന്റെയും പർദക്കുള്ളിൽ എരിഞ്ഞുതീരുന്നവളായി സിനിമകളിലും നാടകങ്ങളിലും സാഹിത്യത്തിലുമൊക്കെ ചിത്രീകരിക്കപ്പെടുന്നു. വമ്പിച്ച സ്വീകാര്യതയും പിന്തുണയുമാണ് അത്തരം ആഖ്യാനങ്ങൾക്ക് പൊതുസമൂഹത്തിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, അതേ മാപ്പിള സ്ത്രീ മറ്റേതൊരു മതവിഭാഗത്തിലെ സ്ത്രീയെയും പോലെത്തന്നെയാണ് എന്ന യാഥാർഥ്യം അംഗീകരിക്കപ്പെടാതെ പോകുന്നു. മറ്റേതെങ്കിലും മതത്തിലെ സ്ത്രീ അനുഭവിക്കുന്നതിനെക്കാൾ കൂടുതലായ സ്വാതന്ത്ര്യമോ അടിമത്തമോ മുസ്ലിം സ്ത്രീ സവിശേഷമായി അനുഭവിക്കുന്നുണ്ടോ എന്ന അന്വേഷണങ്ങൾ ആധുനികാനന്തര സ്ത്രീവാദത്തിലെ പുതിയ തെളിച്ചമാണ്.

ഈ പ്രശ്നം, മാപ്പിള സ്ത്രീകൾക്കും പുരുഷൻമാർക്കും മാപ്പിള വാമൊഴിയോടുള്ള സമീപനങ്ങളെയും ധാരണകളെയും വിശകലനം ചെയ്ത് അപഗ്രഥിക്കുവാനുള്ള ഒരു ശ്രമമാണ് ഇവിടെ സാധ്യമാക്കുന്നത്.

## മാപ്പിള വാമൊഴിയുടെ സവിശേഷഘടകങ്ങൾ

മാപ്പിള വാമൊഴിയിൽനിന്ന് ശേഖരിച്ച പദങ്ങളുടെ അപഗ്രഥനത്തിലൂടെ ഏറനാടൻ മാപ്പിള വാമൊഴിയിൽ മതാത്മകഘടകങ്ങളുടെ

സ്വാധീനം വളരെ വലുതാണെന്ന് മനസ്സിലാക്കാം. അതിന്റെ അടിസ്ഥാനത്തിലാണ് മണ്ഡലവൃത്തിക്കവേണ്ടിയുള്ള ചോദ്യാവലിയിലെ വസ്തുതകൾ നിരത്തിയിരിക്കുന്നത്. മാപ്പിളമാരുടെ പ്രധാനപ്പെട്ട സാമുദായിക സവിശേഷതകൾ നിയന്ത്രിക്കുന്നത് മതപരമായ ആരാധനാനുഷ്ഠാനങ്ങൾക്കുപുറമെ മതാത്മകമായ ആചാരങ്ങളും അഘോഷങ്ങളുമാണ്. അതുകൂടാതെ, ഭക്ഷണം, ഭാഷ, വേഷം തുടങ്ങിയവയിലും മാപ്പിളമാർ സ്വീകരിച്ച സവിശേഷ സ്വഭാവങ്ങളുണ്ട്. ഇതിൽ ഏതാണ് മാപ്പിള സ്വത്വം നിർണയിക്കുന്നതിൽ കൂടുതൽ പങ്കുവഹിക്കുന്നത് എന്നാണ് ചോദ്യാവലിയിലെ ആദ്യത്തെ ഭാഗം പരിശോധിക്കുന്നത്. അതോടൊപ്പം സാമുദായികമായ സവിശേഷസന്ദർഭങ്ങളിൽ ഒരു മാപ്പിള എന്ന നിലക്ക് ആവേദകരുടെ വ്യക്തിപരമായ പങ്കാളിത്തവും അന്വേഷിക്കുന്നു.

മാപ്പിള വാമൊഴിയെ മാനകമലയാളത്തിൽനിന്നും മറ്റു സാമുദായിക ഭാഷാഭേദങ്ങളിൽനിന്നും വേർതിരിക്കുന്ന പൊതുവായ പ്രത്യേകതകളിൽ പ്രധാനപ്പെട്ടവ ഉച്ചാരണവ്യത്യാസവും അറബിവാക്കുകളുടെ ആധിക്യവും മതപരമായ വാക്കുകളും മാപ്പിളവാമൊഴിയിൽ മാത്രം കാണുന്ന വാക്കുകളുമാണ്. അവയിൽ ഉച്ചാരണവ്യത്യാസമൊഴിച്ച് മറ്റുള്ളവയെല്ലാം പദതലത്തിലെ വ്യത്യസ്തകളാണ്. അവയുടെ പ്രാധാന്യം ഏറിയും കുറഞ്ഞുമിരിക്കും. ആ ഏറ്റക്കുറച്ചിലുകൾ മാപ്പിളമാരുടെ സംസാരസന്ദർഭങ്ങളിൽ എത്ര പ്രകടമാകുന്നു എന്ന് അളക്കാനുള്ള സൂചനയും ചോദ്യാവലിയിലുണ്ട്.

### മാപ്പിളവാമൊഴിയും പൊതുസമൂഹവും

മാപ്പിളമാർ സമുദായത്തിനകത്തുള്ളവരോടും പുറത്തുള്ളവരോടും ഇടപഴകുന്നവരാണെങ്കിലും എല്ലാ ഭാഷണസന്ദർഭങ്ങളിലും മാപ്പിളവാമൊഴിയുപയോഗിക്കുന്നില്ല. ചിലർ വീട്ടിൽ മാത്രം മാപ്പിളവാമൊഴിയുപയോഗിക്കുമ്പോൾ ചിലർ അടുത്ത സുഹൃത്തുക്കളോടാണ് മാപ്പിളവാമൊഴിയിൽ സംസാരിക്കുന്നത്. മാപ്പിളമാരോട് സ്വന്തം വാമൊഴിയിലും അന്യസമുദായക്കാരോടും ഉപഭാഷാവിഭാഗങ്ങളോടും മാനകഭാഷയോടടുത്തുനില്ക്കുന്ന മലയാളത്തിലും സംസാരിക്കുന്നവരുമുണ്ട്. ഏത് ഭാഷകസമൂഹത്തോടും മാപ്പിളഭാഷയിൽ സംസാരിക്കുന്നവരും ഉണ്ട്. വിദ്യാഭ്യാസവും സാമൂഹിക പദവിയും കുറഞ്ഞവരാണ് പൊതുവെ അത്തരക്കാർ. തങ്ങളുടെ ഭാഷ താരതമ്യേന മോശമാണെന്ന ധാരണയും അതിനു പിന്നിലുണ്ട്. തങ്ങളുടെ വാമൊഴിയെക്കാൾ അന്യ സമുദായങ്ങളുടെ വാമൊഴിയാണ് ശുദ്ധമെന്നും തങ്ങളുടെ വാമൊഴി 'പടുഭാഷ'യാണെന്നും മുസ്ലിംസമുദായത്തിലെ ഭൂരിപക്ഷംപേരും വിശ്വസിക്കുന്നുണ്ടെന്ന് ഡോ. പി.എം ഗിരീഷ് മറ്റൊരു

സാമൂഹികഭാഷാശാസ്ത്ര ഗവേഷണത്തിന്റെ ഭാഗമായി കണ്ടെത്തിയിട്ടുണ്ട്. (ഗിരീഷ് 2001 - 70). മതാത്മകശൈലികളും അറബിപദങ്ങളും സവിശേഷമായ ഈണവുമെല്ലാം കൊണ്ട്, അന്യസമുദായത്തിൽപെട്ടവർക്ക് മാപ്പിളവാമൊഴി മനസ്സിലാവുകയില്ല എന്ന മുൻവിധിയാണ് അതിന്റെ പ്രധാന കാരണം. അന്യവിഭാഗക്കാരുമായുള്ള ഭാഷണസന്ദർഭങ്ങളിൽ മാപ്പിളവാമൊഴിയുടെ സവിശേഷതയായ ഭാഷാസ്വഭാവങ്ങളില്ലാതെ സംസാരിക്കാൻ മാപ്പിളമാർ നിർബന്ധിതരാകുന്നതും അതുകൊണ്ടാണ്. അതുമൂലം ഇന്നത്തെ മാപ്പിളമാർ ദ്വിഭാഷിത്വവുമായി ബന്ധപ്പെട്ട ചില ഭാഷാപ്രശ്നങ്ങൾക്കുടി വഹിക്കുന്നുണ്ട്. ഇത്തരം കാര്യങ്ങളെല്ലാം മുൻനിറുത്തിയാണ് ചോദ്യാവലിയിലെ മൂന്നാംഭാഗം തയ്യാറാക്കിയിരിക്കുന്നത്. ആ വിഷയങ്ങളോട് സ്ത്രീകളുടെയും പുരുഷൻമാരുടെയും പ്രതികരണത്തെ താരതമ്യം ചെയ്തിരിക്കുന്നു.

മാപ്പിളവാമൊഴിയുടെ നിലനില്പും ഭാവിയും

ഒരു സാമുദായിക ഭാഷാഭേദം എന്ന നിലയിൽ മാപ്പിളവാമൊഴിയുടെ സവിശേഷസ്വഭാവം നിരന്തരം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ഏറനാടൻ മാപ്പിളമാരുടെ സാമൂഹികാവസ്ഥയിലും സാംസ്കാരിക ജീവിതത്തിലും വന്ന മുന്നേറ്റങ്ങൾ ഇത്തരം മാറ്റങ്ങളെ വലിയ അളവിൽ സ്വാധീനിച്ചിട്ടുണ്ട്. പൊതുവായ ഉച്ചാരണം സ്വീകരിക്കുക, അറബിവാക്കുകളും മതപരമായ വാക്കുകകളും പരമാവധി ഇല്ലാതെ സംസാരിക്കുക, മാനകമായതോ ഭൂരിപക്ഷസമൂഹത്തിന്റെയോ ഈണത്തിൽ സംസാരിക്കുക എന്നിവയാണ് മാപ്പിളവാമൊഴിക്കു വന്ന പ്രധാന മാറ്റങ്ങൾ. സാമ്പത്തികമായ പുരോഗതിയും വിദ്യാഭ്യാസമുന്നേറ്റങ്ങളുമാണ് ഇത്തരം മാറ്റങ്ങളുടെ പ്രധാന കാരണം. തൊഴിൽ, വിദ്യാഭ്യാസം തുടങ്ങിയ സാമൂഹിക കാര്യങ്ങളുടെ ഭാഗമായി മറ്റു സമുദായങ്ങളോട് കൂടുതലായി ഇടപെടേണ്ടി വന്നതും മാപ്പിളമലയാളത്തിന്റെ മാറ്റത്തിന് കാരണമായി. ടെലിവിഷൻ, സിനിമ, വിവരവിനിമയ മാധ്യമങ്ങൾ എന്നിവയുടെ സാംസ്കാരികമായ സ്വാധീനമായും വാമൊഴിയിലുണ്ടായ ഈ മാറ്റങ്ങളെ കാണണം. അവയോട് മാപ്പിളസമുദായത്തിലെ ആൺ-പെൺ അംഗങ്ങളുടെ പ്രതികരണമാണ് ചോദ്യാവലിയിലെ നാലാം ഭാഗം ഉൾക്കൊള്ളുന്നത്.

പൊതുധാരണകൾ

80 പുരുഷൻമാരും 80 സ്ത്രീകളുമാണ് ചോദ്യാവലിയോട് പ്രതികരിച്ചത്. നാല്പത് വയസ്സിനും അറുപതു വയസ്സിനും ഇടയിലുള്ളവരാണ് ആവേദകരിൽ അറുപത് ശതമാനവും. വയസ്സേറിയവർ പൊതുവെ

ആവേശപൂർവമാണ് മണ്ഡലവൃത്തിയോട് സഹകരിച്ചത്. പഴയ വാക്കുകൾ പറഞ്ഞുതരാനും സംഭവങ്ങൾ ഓർത്തെടുക്കാനും അവർ താല്പര്യം കാണിച്ചു. ചെറുപ്പക്കാരായ ആവേദകർ മാപ്പിള വാക്കുകളെക്കുറിച്ച് തുറന്നു പറയാൻ പൊതുവെ താല്പര്യം കാണിച്ചില്ല. പല തനത് മാപ്പിളവാക്കുകളുടെയും അർഥംപോലും അവർക്കറിയില്ലായിരുന്നു. ആവേദകരിൽ പുരുഷൻമാരിൽ 90 ശതമാനം പേരും ജനിച്ചതുമുതൽ ഏറനാട്ടിൽ താമസിക്കുന്നവരാണ്. സ്ത്രീകളിൽ 35 ശതമാനം പേർ മറ്റു താലൂക്കുകളിൽനിന്ന് ഏറനാട്ടിലേക്ക് വിവാഹാനന്തരം മാറിത്താമസിച്ചവരാണ്. 90 ശതമാനം പുരുഷൻമാരും 95 ശതമാനം സ്ത്രീകളും വിവാഹിതരാണെങ്കിലും 44 ശതമാനം പുരുഷൻ മാരും 72 ശതമാനം സ്ത്രീകളും കൂട്ടുകുടുംബത്തിലാണ് താമസിക്കുന്നത്. വിവാഹം കഴിഞ്ഞയുടൻ പുതിയ വീട്ടിലേക്ക് താമസംമാറ്റുക എന്ന പതിവ് ഏറനാട്ടിലെ മാപ്പിള മുസ്ലിംകൾക്കിടയിൽ ഇനിയും വ്യാപകമായിട്ടില്ല.

### പൊതുവിദ്യാഭ്യാസം

ആവേദകരിൽ പുരുഷൻമാരിൽ പകുതിപേരും പ്രൈമറി സ്കൂൾ വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. പ്ലസ്ടു വരെ പഠിച്ചവർ 38 ശതമാനം പേരുണ്ടായിരുന്നു. പെൺ ആവേദകരിൽ 30 ശതമാനം പേരും ബിരുദതലം വരെ പഠിച്ചവരാണ്. പുതുതലമുറ മാപ്പിള പുരുഷൻമാരിൽ ഉന്നതവിദ്യാഭ്യാസം നേടിയവർ സ്ത്രീകളെ അപേക്ഷിച്ച് കുറവാണ് എന്നത് ഒരു വസ്തുതയുമാണ്. മലപ്പുറം ജില്ലയിലെ കോളേജുകളിൽ ആൺകുട്ടികളെക്കാൾ പെൺകുട്ടികളാണ് ചേർന്നു പഠിക്കുന്നത്. എന്നാൽ സ്ത്രീകളിൽ വിദ്യാലയത്തിലേ പോകാത്തവർ 22 ശതമാനം പേരുണ്ടായിരുന്നപ്പോൾ പുരുഷൻമാരിൽ അത് അഞ്ചുശതമാനമേയുള്ളു. വിദ്യാലയത്തിൽ പോകാത്ത മാപ്പിളമാരിൽ മുഴുവൻ പേരും നാൽപ്പത്തിയഞ്ച് വയസ്സിനു മുകളിലുള്ളവരായിരുന്നു. പണ്ടുകാലത്തെക്കാളധികം വിദ്യാഭ്യാസസംവിധാനങ്ങളും സ്ത്രീവിദ്യാഭ്യാസവും മാപ്പിളമാർക്കിടയിലിന്നുണ്ട് എന്നതിന് തെളിവാണിത്.

### തൊഴിലും വരുമാനവും

പുരുഷൻമാരിൽ 55 ശതമാനം പേരും ബിസിനസ്സാണ് തൊഴിലെന്ന് പ്രതികരിച്ചപ്പോൾ 66 ശതമാനം സ്ത്രീകളും തൊഴിൽരഹിതരായിരുന്നു. ഇക്കൂട്ടത്തിൽ വിദ്യാസമ്പന്നകളായ സ്ത്രീകളുമുണ്ട്. സ്ത്രീകൾ തൊഴിലെടുക്കുന്നതിന് ഇപ്പോഴും മാപ്പിളസമുദായത്തിൽ വേണ്ടത്ര അംഗീകാരം ലഭിച്ചിട്ടില്ല എന്ന് ഇത് തെളിയിക്കുന്നു. പുരുഷൻമാർ പലരും വരുമാനം വെളിപ്പെടുത്തുവാൻ വിസമ്മതിക്കുകയും ചെയ്തു. മാപ്പിളമാരുടെ പ്രധാന സാമ്പത്തികസ്രോതസ്സ് ഗൾഫ് പണമാണ്. അതുകൊണ്ടുതന്നെ

പ്രത്യക്ഷത്തിൽ തൊഴിലൊന്നുമില്ലെങ്കിലും ഗൾഫിലുള്ള ബന്ധുക്കളുടെ വരുമാനത്തെ ആശ്രയിച്ച് ജീവിക്കുന്ന ധാരാളമാളുകൾ തങ്ങളുടെ തൊഴിൽ പ്രത്യേകം രേഖപ്പെടുത്തുന്നില്ല. പുരുഷന്മാരുടെ ഈ സുസ്ഥിതിയാണ് ഒരു പരിധിവരെ തൊഴിലെടുക്കുന്നതിൽനിന്ന് സ്ത്രീകളെ തടയുന്ന ഘടകം.

മതബോധവും മതപഠനവും

പുരുഷൻമാരിൽ 38 ശതമാനം പേരും സ്ത്രീകളിൽ 30 ശതമാനം പേരും വളരെയധികം മതവിശ്വാസിയാണെന്ന് രേഖപ്പെടുത്തി. ബാക്കിയുള്ളവരെല്ലാം സാധാരണ വിശ്വാസിയെന്നാണ് പ്രതികരിച്ചത്. കുറച്ചുവിശ്വാസം, വിശ്വാസിയല്ല, നിരീശ്വരവാദിയാണ്, മതവിരുദ്ധനാണ് എന്നീ ചോദ്യങ്ങൾക്ക് ഒരാൾപോലും പ്രതികരിച്ചില്ല. മാപ്പിള എന്ന സാമുദായികസ്വത്വം സ്വീകരിക്കുന്ന ഒരാളുടെ സാമൂഹികജീവിതം സ്വയമേവ മതാത്മകമായിമാറുന്നുവെന്നതിന് ഈ പ്രതികരണങ്ങൾ തെളിവാണ്. ആവേദകരിലെ വിവിധ രാഷ്ട്രീയ വിശ്വാസമുള്ള ആളുകളും തങ്ങൾ മതവിശ്വാസിയാണെന്നുതന്നെയാണ് പ്രതികരിച്ചത്. താൻ മാപ്പിളസമുദായത്തിലെ അംഗമാണെന്ന് നൂറുശതമാനം പുരുഷൻമാരും 98 ശതമാനം സ്ത്രീകളും സമ്മതിച്ചു.

28 ശതമാനം പുരുഷൻമാരും 33 ശതമാനം സ്ത്രീകളും അഞ്ചാംതരം വരെ മദ്റസാവിദ്യാഭ്യാസം നേടിയവരാണ്. 61 ശതമാനം പുരുഷൻമാരും 55 ശതമാനം സ്ത്രീകളും അഞ്ചാം ക്ലാസ്സിനു മുകളിൽ മദ്റസാപഠനം നടത്തിയവരാണ്. സ്ത്രീകളിൽ 10 ശതമാനം പേർ കോളേജ് തലത്തിലും മതവിദ്യാഭ്യാസം നേടിയിട്ടുണ്ട്. അനൗപചാരികമായ മതപഠനം സ്ത്രീപുരുഷൻമാർ ഏറെക്കുറെ ഒരേ അളവിലാണ് നേടിയിരിക്കുന്നത്. സ്ത്രീകൾക്ക് ആരാധനകളനുഷ്ഠിക്കാൻ ചില പള്ളികളിൽ പ്രവേശനം വിലക്കിയിട്ടുകൂടി 25 ശതമാനം സ്ത്രീകളും പള്ളിപ്രസംഗങ്ങളിലൂടെയാണ് മതകാര്യങ്ങൾ മനസ്സിലാക്കുന്നത്. പുരുഷൻമാരുടെ ശതമാനം അതിൽ 33 ആണ്. സ്ത്രീകൾക്ക് പള്ളികളിൽ പ്രവേശനം തടയുന്ന മതവിഭാഗങ്ങൾപോലും അവിടെ നടക്കുന്ന പ്രസംഗങ്ങൾ ശ്രവിക്കുന്നതിന് സ്ത്രീകൾക്ക് വിലക്കേർപ്പെടുത്തിയിട്ടില്ല എന്നതാണ് ഇതിനു കാരണം. മാപ്പിളമാരുടെ മതപരമായ പരിപാടികളുടെയും പള്ളിപ്പരിപാടികളുടെയും അറിയിപ്പുകളിൽ ‘സ്ത്രീകൾക്ക് പ്രത്യേക സൗകര്യം’ എന്ന അടിക്കുറിപ്പ് ഈ അടുത്തകാലംവരെ ഉണ്ടായിരുന്നു. സ്വലാത്ത്,ദിക്റ്, ദുആ തുടങ്ങിയ പ്രാർഥനാസമ്മേളനങ്ങളിൽ പാരമ്പര്യവാദികളായ മുസ്ലിം സംഘങ്ങൾപോലും സ്ത്രീകൾക്ക് സൗകര്യങ്ങളേർപ്പെടുത്താറുണ്ട്. സ്ത്രീകൾ ഏറ്റവുമധികം മതപഠനത്തെ ആശ്രയിക്കുന്നത് കേട്ടറിവിലൂടെയാണ്.

(66%) ആധുനിക സാങ്കേതികസൗകര്യങ്ങൾ വ്യാപകമായതാകണം അതിനു കാരണം. വയള്, വായന എന്നിവയാണ് മറ്റു അനൗപചാരിക മതപഠനോപാധികൾ.

മാപ്പിളസ്വത്വം

മാപ്പിളമാരുടെ സാമുദായിക സ്വത്വം സവിശേഷമായ രീതിയിൽ പ്രകടമാകുന്ന കാര്യങ്ങളേതെല്ലാമാണ് എന്ന അന്വേഷണത്തോട് ആചാരങ്ങളും ആഘോഷങ്ങളുമാണെന്നാണ് കൂടുതൽ പേരും പ്രതിക രിച്ചത്. ആചാരങ്ങളിൽ 70 ശതമാനം പുരുഷൻമാരും കല്യാണമാണ് മാപ്പിളമാരുടെ ആചാരങ്ങളിൽ മാപ്പിളത്തമുള്ളതായി പറഞ്ഞത്. സ്ത്രീകൾ 62 ശതമാനമാണ് കല്യാണത്തെ പിന്തുണച്ചത്. മരണവും ജനനവും മാപ്പിളമാരുടെ പ്രധാന ആചാരാവസരങ്ങളാണെന്നും സ്ത്രീകൾ അഭിപ്രായപ്പെട്ടു. (യഥാക്രമം 62, 50 ശതമാനം). ആഘോഷങ്ങളിൽ 89 ശതമാനം പുരുഷൻമാരും 92 ശതമാനം സ്ത്രീകളും പെരുന്നാളാണ് പ്രധാന ആഘോഷം എന്ന് രേഖപ്പെടുത്തി. പുരുഷൻമാരും സ്ത്രീകളും 36 ശതമാനം പേരാണ് നേർച്ചയെ മാപ്പിളമാരുടെ ആഘോഷമായി കണ്ടത്. 47 ശതമാനം പുരുഷൻമാരും 46 ശതമാനം സ്ത്രീകളും നബിദിനത്തെയും അംഗീകരിച്ചു.

ഭക്ഷണത്തിലെ സാമുദായിക സ്വഭാവങ്ങൾ മാപ്പിളമാരുടെ സവിശേ ഷതയാണെന്ന് 21 ശതമാനം സ്ത്രീകളേ അഭിപ്രായപ്പെട്ടിട്ടുള്ളൂ എന്നത് ശ്രദ്ധേയമാണ്. എന്നാൽ 47 ശതമാനം പുരുഷൻമാരും ഭക്ഷണം മാപ്പിളമാരുടെ സവിശേഷസംസ്കാരത്തിലുണ്ടെന്നാണ് പ്രതികരിച്ചത്. പത്തിരിയും ഇറച്ചിയുമാണ് മാപ്പിളമാരുടെ തനിഭക്ഷണങ്ങൾ എന്ന് പലരും പറഞ്ഞു. കലത്തപ്പം, തരിക്കഞ്ഞി തുടങ്ങിയ ഭക്ഷണങ്ങളും മാപ്പിളസംസ്കാരത്തിൻറേതാണെന്ന് ചിലർ അഭിപ്രായപ്പെട്ടു

ഭാഷയിലെ തനിമ മാപ്പിളമാരുടെ സ്വത്വത്തിന്റെ ഭാഗമാണെന്ന് 59 ശതമാനം പുരുഷൻമാരും 71 ശതമാനം സ്ത്രീകളും സമ്മതിച്ചു. എന്നാൽ 50 ശതമാനം സ്ത്രീകൾ മാത്രമാണ് വേഷത്തിന്റെ കാര്യത്തിലെ മാപ്പിള ത്തനിമയെ അംഗീകരിച്ചത്. 59 ശതമാനം പുരുഷൻമാരും മാപ്പിളവേഷം തനിമയുടെ ഭാഗമാണെന്ന് രേഖപ്പെടുത്തി. കാച്ചിത്തുണി, തട്ടം തുടങ്ങിയ സ്ത്രീവേഷങ്ങളെക്കുറിച്ചും ഇടതുഭാഗത്തേക്ക് മുണ്ടുടുക്കൽ, തലയിൽക്കെട്ട് എന്നീ പുരുഷവേഷങ്ങളെക്കുറിച്ചും ചിലർ പ്രതിപാദിച്ചു. എന്നാൽ ആ വസ്ത്രങ്ങളിൽ പലതും ഇന്ന് മാപ്പിളമാർ ഉപയോഗിക്കുന്നില്ല എന്നത് ശ്ര ദ്ധേയമാണ്. മാപ്പിളസ്ത്രീയുടെ വേഷവിധാനം ഏറെക്കുറെ മറ്റു മതങ്ങളിലെ

സ്ത്രീവേഷവിധാനത്തോട് ചേർച്ചയുള്ളതായി മാറിക്കൊണ്ടിരിക്കുന്ന സാമൂഹിക പശ്ചാത്തലം സ്ത്രീകളുടെ ഈ പ്രതികരണത്തിനു കാരണമാണ്. തല മറയ്ക്കുന്ന വസ്ത്രം, പർദ, എന്നിവ ഒഴികെയുള്ള മറ്റെല്ലാ മുസ്ലിം സ്ത്രീവേഷങ്ങളും പൊതുസ്ത്രീവേഷങ്ങൾ തന്നെയാണ്.

പൊതുപങ്കാളിത്തം

മാപ്പിളമാരുടെ സാമുദായിക പങ്കാളിത്തത്തെക്കുറിച്ചുള്ള ചോദ്യത്തോട് മണ്ഡലവൃത്തിയോട് സഹകരിച്ചവരുടെ പ്രതികരണം, മാപ്പിളസമുദായത്തിലെ സ്ത്രീപുരുഷ മനോഭാവ വ്യത്യാസത്തെക്കൂടി സൂചിപ്പിക്കുന്നു. 29 ശതമാനം പുരുഷൻമാരും എല്ലാ സാമുദായികകാര്യങ്ങളിലും സജീവമായി പങ്കെടുക്കുന്നവരാണ്. എന്നാൽ സ്ത്രീകൾ ഇതിൽ 8 ശതമാനമേ ഉള്ളൂ. സ്ത്രീകളിൽ 71 ശതമാനം പേരും മതപരമായ കാര്യങ്ങളിൽ മാത്രമാണ് നിഷ്ഠയുള്ളവരാണ് എന്ന് പ്രതികരിച്ചപ്പോൾ 59 ശതമാനം പുരുഷൻമാരേ ആരാധനകളിൽ നിഷ്ഠപുലർത്തുന്നവരായുള്ളൂ. പുരുഷൻമാർ ഏറ്റവുമധികം പങ്കാളിത്തം രേഖപ്പെടുത്തിയത് പൊതുസാമൂഹിക കാര്യങ്ങളിലാണ്. എന്നാൽ അതിൽ സ്ത്രീകളുടെ പങ്കാളിത്തം വെറും 8 ശതമാനമേയുള്ളൂ. മാപ്പിളമാരുടെ മതപരമായ ആചാരങ്ങളിൽ 41 ശതമാനം പുരുഷൻമാരും 45 ശതമാനം സ്ത്രീകളും തൽപരരാണ്.

ആധുനികമായ അതിജീവന ബോധങ്ങളുടെ ഭാഗമായി വിദ്യാഭ്യാസം, തൊഴിൽ, രാഷ്ട്രീയം എന്നീ മേഖലകളിൽ മാപ്പിള പുരുഷന്മാരോടൊപ്പം സ്ത്രീകളുടെയും വമ്പിച്ച മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിൽക്കൂടി മതപരമായ കാര്യങ്ങളിൽ കൂടുതലായി ഇടപെടുന്നതും നേതൃത്വംനൽകുന്നതും ഇപ്പോഴും പുരുഷന്മാരാണ് എന്ന് മനസ്സിലാക്കാം.

മാപ്പിളവാമൊഴിയുടെ സവിശേഷഘടകങ്ങൾ

മാപ്പിളവാമൊഴിയെക്കുറിച്ചുള്ള ആവേദകരുടെ പ്രതികരണങ്ങളുടെ അവലോകനമാണ് ഇനി:

പൊതുവായ പ്രത്യേകതകൾ

ഉച്ചാരണത്തിലെ പ്രത്യേകതകളാണ് മാപ്പിള വാമൊഴിയുടെ സവിശേഷതകളിലൊന്ന്. 62 ശതമാനം സ്ത്രീകൾ അത് പ്രധാനമാണെന്ന് പ്രതികരിച്ചപ്പോൾ 35 ശതമാനം പുരുഷൻമാർ ഉച്ചാരണം വളരെ പ്രധാനമാണ് എന്നാണ് രേഖപ്പെടുത്തിയത്. മാപ്പിളവാമൊഴിയിൽ ഉച്ചാരണത്തിൽ തീരെ പ്രാധാന്യമില്ലെന്ന് 9 ശതമാനം സ്ത്രീകളും 17 ശതമാനം പുരുഷൻമാരും രേഖപ്പെടുത്തി. വേറെ സമുദായക്കാരും ഇതുപോലെ

'വികലമായി' മലയാളം ഉച്ചരിക്കുന്നുണ്ടെന്നാണ് അവർ ന്യായീകരിച്ചത്. 'തെക്കൻമാരുടെ സംസാരത്തെ' പലരും എടുത്തുപറയുകയും ചെയ്തു. പുതിയ സിനിമകളിലും മറ്റും തിരുവനന്തപുരത്തെ വാമൊഴിവഴക്കങ്ങൾ കൂടുതലായുപയോഗിക്കുന്നത് മാപ്പിളമാരുടെ ഭാഷാപരമായ അപകർഷതകളെ കുറച്ചിട്ടുണ്ടെന്ന നിഗമനം സാധ്യമാണ്. അക്കാര്യത്തിൽ കൂടുതൽ വാദമുഖങ്ങൾ നിരത്തിയത് പുരുഷൻമാരാണെന്നതും ശ്രദ്ധേയമാണ്.

മാപ്പിളവാമൊഴിയിൽ അറബിവാക്കുകൾ കൂടുതലുള്ളതാണ് മറ്റൊരു സവിശേഷത. 59 ശതമാനം പുരുഷൻമാരും 87 ശതമാനം സ്ത്രീകളും ഈ അഭിപ്രായത്തോട് യോജിച്ചു. 17 ശതമാനം പുരുഷൻമാർ അത് വളരെ പ്രധാനമാണെന്ന് രേഖപ്പെടുത്തിയപ്പോൾ 29 ശതമാനം പേർ അത് അത്ര പ്രധാനമല്ല എന്നാണ് പ്രതികരിച്ചത്. സ്ത്രീകളാകട്ടെ 8 ശതമാനം പേർ അത് വളരെ പ്രധാനമാണെന്നും 17 ശതമാനം പേർ അത് അപ്രധാനമാണെന്നും രേഖപ്പെടുത്തി. മതസൂചകമായ വാക്കുകളുടെ ആധിക്യമാണ് മാപ്പിളവാമൊഴിയെ നിർണയിക്കുന്നത് എന്ന വാദത്തെ 65 ശതമാനം പുരുഷൻമാരും 79 ശതമാനം സ്ത്രീകളും പിന്താങ്ങി. മുപ്പത് ശതമാനം പുരുഷൻമാരും 17 ശതമാനം സ്ത്രീകളും അത് വളരെ പ്രധാനമാണെന്ന് സൂചിപ്പിച്ചു. അഞ്ചിൽ താഴെ ശതമാനം പേർമാത്രമെ അത് പ്രധാനപ്പെട്ടതല്ല എന്ന രേഖപ്പെടുത്തിയുള്ളൂ.

മാപ്പിളവാമൊഴിയിൽ മാത്രം ഉപയോഗിക്കുന്ന തനിപ്പദങ്ങളാണ് മാപ്പിളവാമൊഴിയുടെ സ്വഭാവം നിർണയിക്കുന്നത് എന്ന അഭിപ്രായത്തോട് 71 ശതമാനം പുരുഷൻമാരും 58 ശതമാനം സ്ത്രീകളും യോജിച്ചു. എന്നാൽ അങ്ങനെയില്ലെന്നാണ് 25 ശതമാനം സ്ത്രീകൾ അഭിപ്രായപ്പെട്ടത്. 12 ശതമാനം പുരുഷൻമാരും അതേ അഭിപ്രായക്കാരായിരുന്നു. 12 ശതമാനം പുരുഷൻമാരും 16 ശതമാനം സ്ത്രീകളും അത് വളരെ പ്രധാനമാണെന്നും പറഞ്ഞു. സ്ത്രീകളിലെയും പുരുഷന്മാരിലെയും യുവതലമുറയിൽപെട്ട ചിലർക്ക് തനിപ്പദങ്ങളെന്താണെന്ന് അറിയില്ലായിരുന്നു. പ്രായം കൂടിയ ആവേദകരാകട്ടെ പലരും അത്തരം വാക്കുകൾ ഇപ്പോൾ ഉപയോഗിക്കുന്നില്ല എന്നാണ് അഭിപ്രായപ്പെട്ടത്.

### വാമൊഴിയുടെ വ്യവഹാരതലം

മാപ്പിളവാമൊഴിയിൽ ആവേദകർ ആരോടാണ് സംസാരിക്കാറുള്ളത് എന്ന ചോദ്യത്തിന് 71 ശതമാനം പുരുഷൻമാരും എല്ലാവരോടും എന്ന് ഉത്തരം പറഞ്ഞപ്പോൾ 46 ശതമാനം സ്ത്രീകൾ മാത്രമാണ് എല്ലാവരോടും മാപ്പിളവാമൊഴിയിൽ സംസാരിക്കുന്നത്. ബാക്കിയുള്ള സ്ത്രീകളിൽ 33

ശതമാനവും വീട്ടിൽ മാത്രമാണ് മാപ്പിളവാമൊഴി ഉപയോഗിക്കുന്നത്. 8 ശതമാനം സ്ത്രീകൾ മാപ്പിളമാരോടും അതേ വാമൊഴിയിൽ സംസാരിക്കുമ്പോൾ 21 ശതമാനം പേർ അടുത്ത സുഹൃത്തുക്കളോട് സംസാരിക്കാനും മാപ്പിളവാമൊഴി ഉപയോഗിക്കുന്നു.

പുരുഷൻമാരാകട്ടെ വെറും 18 ശതമാനം പേർ മാത്രമാണ് വീട്ടിൽ മാത്രം മാപ്പിളവാമൊഴി ഉപയോഗിക്കുന്നത്. അത്രയും പേർ മാപ്പിളസമുദായത്തിൽ പെട്ടവരോടും 30 ശതമാനം പേർ അടുത്ത സുഹൃത്തുക്കളോടും മാപ്പിളവാമൊഴിയിൽ സംസാരിക്കുന്നു. പുരുഷൻമാരെക്കാൾ കൂടുതലായി സ്ത്രീകൾ മാപ്പിളവാമൊഴി ഉപയോഗിക്കുന്നതിൽ അപകർഷതയുള്ളവരാണ്.

മാപ്പിളവാമൊഴിയും പൊതുസമൂഹവും

മാപ്പിളമാർ സാമൂഹിക ജീവിതത്തിലും മറ്റും മുസ്ലിംകളല്ലാത്തവരോടും മാപ്പിളമാരല്ലാത്ത മുസ്ലിംകളോടും ഇടപഴകി ജീവിക്കുന്നവരാണ്. ഭാഷാപരമായ പല കലർപ്പുകൾക്കും അത് കാരണമാകുന്നു. അത്തരം വിഷയങ്ങളിൽ ഭാഷകസമൂഹത്തിന്റെ ബോധത്തെ പരിശോധിക്കുന്ന ചോദ്യങ്ങളോടുള്ള പ്രതികരണങ്ങളെ വിലയിരുത്തുന്നു

മാപ്പിളവാമൊഴിയുടെ വ്യാപനം

മാപ്പിളമാരുടെ സംസാരം മറ്റേതെങ്കിലും സമുദായത്തിന്റെ സംസാരഭാഷയെ സ്വാധീനിച്ചിട്ടുണ്ടോ എന്ന അന്വേഷണം പ്രസക്തമാണ്. ഏറനാട്ടിൽ ഭൂരിപക്ഷസമുദായമായ മാപ്പിളമാരുടെ സംസാരഭാഷ സ്വാഭാവികമായും ന്യൂനപക്ഷസമുദായത്തിന്റെ സംസാരഭാഷയെ സ്വാധീനിക്കേണ്ടതുണ്ട്. മാപ്പിളമാരെപ്പോലെ സംസാരിക്കുന്ന മറ്റു സമുദായങ്ങളോ വിഭാഗങ്ങളോ ഉണ്ടോ എന്ന ചോദ്യത്തിന് 53 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും ഉണ്ട് എന്ന മറുപടിയാണ് നല്കിയത്. മാപ്പിളമാരെപ്പോലെ സംസാരിക്കുന്നവർ ആരെല്ലാം എന്ന ചോദ്യത്തിന് മാപ്പിളമാരുമായി ഇടപഴകിജീവിക്കുന്ന ആളുകളെയാണ് പുരുഷൻമാർ കൂടുതലായി പറഞ്ഞത്. സ്ത്രീകൾ, അയൽവാസികളാണെന്ന മറുപടിയും നല്കി. സ്ത്രീകളിൽ 13 ശതമാനം പേരും പുരുഷൻമാരിൽ 30 ശതമാനം പേരും കീഴ്ജാതി ഹിന്ദുവിഭാഗങ്ങളാണ് മാപ്പിളമാരെപ്പോലെ സംസാരിക്കുന്നവർ എന്ന് പറഞ്ഞു. കീഴ്ജാതിവിഭാഗത്തിൽപെട്ട ചില കൂട്ടുകാർ 'അള്ളാ' എന്നുവരെ പറയാറുണ്ടെന്ന് ഒരാൾ പ്രതികരിച്ചു. അവരുടെ ഏതെങ്കിലും വാക്കുകൾ നിങ്ങൾ പറയാറുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നായിരുന്നു മറുപടി.

മാപ്പിളവാമൊഴിയിൽ സംസാരിക്കുന്ന അന്യ വിഭാഗക്കാരുടെ സംസാരത്തിൽ പ്രകടമാകുന്ന മാപ്പിളത്തനിമ എന്താണെന്ന ചോദ്യത്തിന് 35 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും 'മാപ്പിളമാർ മാത്രം പറയുന്ന വാക്കുകൾ പറയുന്നു' എന്നാണ് ഉത്തരം നല്കിയത്. അതിൽ അറബി വാക്കുകൾ വരെയുണ്ടെന്നും ചിലർ അഭിപ്രായപ്പെട്ടു. കീഴ്ജാതിക്കാരുടെ വാമൊഴി മാപ്പിളമാരുടെപോലെ തോന്നാൻ കാരണം ഉച്ചാരണത്തിലെയും ഈണത്തിലെയും സമാനതയാണെന്ന് 18 ശതമാനം പുരുഷൻമാരും 26 ശതമാനം സ്ത്രീകളും പ്രതികരിച്ചു.

## അന്യസമുദായവും മാപ്പിളവാമൊഴിയും

മാപ്പിളമാരല്ലാത്ത വിഭാഗങ്ങൾക്ക് മാപ്പിളവാമൊഴി മനസ്സിലാക്കാൻ പ്രയാസമുണ്ടോ എന്ന കാര്യമായിരുന്നു അടുത്ത അന്വേഷണം. 59 ശതമാനം പുരുഷൻമാരും 67 ശതമാനം സ്ത്രീകളും അത് സമ്മതിക്കുന്നു. അഞ്ചുശതമാനം പുരുഷൻമാരും പത്തുശതമാനം സ്ത്രീകളും അറിയില്ല എന്ന മറുപടിയാണ് നല്കിയത്. ബാക്കിയുള്ളവർ മാപ്പിളവാമൊഴി ആർക്കും മനസ്സിലാക്കാൻ പ്രയാസമില്ല എന്ന അഭിപ്രായക്കാരാണ്.

മാപ്പിളവാമൊഴി മറ്റുള്ള സമുദായക്കാർക്ക് മനസ്സിലാക്കാൻ പ്രയാസമാകുന്നതിന് കാരണമായി കൂടുതൽ പേരും പഞ്ഞത് ഉച്ചാരണത്തിലെയും ഈണത്തിലെയും വ്യത്യസതതയാണ്. (54 ശതമാനം പുരുഷൻമാരും 50 ശതമാനം സ്ത്രീകളും). അറബിവാക്കുകളും മതപരമായ വാക്കുകളും മാപ്പിളമാർ അധികമായി പ്രയോഗിക്കുന്നതാണ് ഈ ദുർഗ്രഹതയ്ക്കു കാരണമെന്ന് 29 ശതമാനം പുരുഷന്മാരും 12 ശതമാനം സ്ത്രീകളും മറുപടിനല്കി. മാപ്പിളമാർ ഉപയോഗിക്കുന്ന വാക്കുകളുടെ അർഥം മറ്റു സമുദായക്കാർക്ക് മനസ്സിലാകാത്തതാണ് ദുർഗ്രഹതയ്ക്കു കാരണമായി 24 ശതമാനം പുരുഷന്മാരും 25 ശതമാനം സ്ത്രീകളും പറഞ്ഞത്. മതാത്മകമായ വാക്കുകളും അറബിവാക്കുകളുമാണ് യഥാർഥത്തിൽ ഈ അർഥശങ്കയുണ്ടാക്കുന്നത്.

## മാപ്പിളവാമൊഴിയുടെ മാറ്റങ്ങൾ

മണ്ഡലവൃത്തിയോട് സഹകരിച്ച എല്ലാ മാപ്പിള പുരുഷന്മാരും മാപ്പിളവാമൊഴിക്ക് മാറ്റങ്ങളുണ്ടായിട്ടുണ്ട് എന്നതിൽ ഏകാഭിപ്രായക്കാരായിരുന്നു. സ്ത്രീകളിൽ 88 ശതമാനം പേർ അവരുമായി യോജിച്ചപ്പോൾ 12 ശതമാനം പേർ അറിയില്ല എന്ന മറുപടിയാണ് നല്കിയത്.

എന്തുരീതിയിലാണ് ആ മാറ്റം അനുഭവപ്പെടുന്നത് എന്ന ചോദ്യം പ്രസക്തമാണ്. മാപ്പിളമാരുടെ ഉച്ചാരണവും ഈണവും മാനകഭാഷയോട് കൂടുതൽ സാമ്യമുള്ളതായി എന്നാണ് ഭൂരിപക്ഷംപേരും അഭിപ്രായപ്പെട്ടത്.

66 ശതമാനം പുരുഷന്മാരും 79 ശതമാനം സ്ത്രീകളും ഇതേ അഭിപ്രായക്കാരായിരുന്നു. അതോടൊപ്പം അറബിവാക്കുകൾ മാപ്പിളവാമൊഴിയിൽ വളരെ കുറഞ്ഞിട്ടുമുണ്ടെന്ന് 41 ശതമാനം പുരുഷന്മാരും 29 ശതമാനം സ്ത്രീകളും പറഞ്ഞു. അത്രതന്നെ അഭിപ്രായം മതപരമായ വാക്കുകളുടെ കുറവിനെക്കുറിച്ചുമുണ്ടായി.

ഇത്തരം മാറ്റങ്ങൾക്കുള്ള കാരണങ്ങൾ അന്വേഷിച്ചു. പുരുഷൻമാരിൽ 95 ശതമാനം പേരും സ്ത്രീകളിൽ 83 ശതമാനം പേരും വിദ്യാഭ്യാസ പുരോഗതിയാണ് കാരണമായി കാണുന്നത്. അതോടൊപ്പം അന്യ സമുദായങ്ങളുമായുള്ള സമ്പർക്കം കൂടുതലായതും സാമ്പത്തികമായ പുരോഗതി കൈവരിച്ചതും മാപ്പിളമാരുടെ സംസാരഭാഷയിൽ മാറ്റങ്ങളുണ്ടാക്കിയെന്ന അഭിപ്രായമുയർന്നു. മാപ്പിളമാർക്ക് രാഷ്ട്രീയമായ സ്വാധീനം കൂടുതലായതാണ് ഈ മാറ്റങ്ങൾക്ക് കാരണം എന്ന അഭിപ്രായം വളരെ കുറഞ്ഞ ശതമാനം പേർ മാത്രമാണ് സമ്മതിച്ചത്. സിനിമയുടെയും ടെലിവിഷന്റെയും സ്വാധീനംകൊണ്ടാണ് ഈ മാറ്റങ്ങളുണ്ടായതെന്ന് 80 ശതമാനം പുരുഷന്മാരും 82 ശതമാനം സ്ത്രീകളും അഭിപ്രായപ്പെട്ടു. മാപ്പിളവാമൊഴിയിൽ സംസാരിക്കാനുള്ള മാപ്പിളമാരുടെ വൈമനസ്യവും അപകർഷതാബോധവുമാണ് മാപ്പിളവാമൊഴിക്ക് മാറ്റങ്ങളുണ്ടാകാൻ കാരണം എന്ന അഭിപ്രായത്തോട് അധികപേരും യോജിച്ചില്ല. എന്നാൽ, 18 ശതമാനം പുരുഷൻമാരും 21 ശതമാനം സ്ത്രീകളും അതിനോട് യോജിപ്പ് പ്രകടിപ്പിച്ചു.

മാപ്പിളവാമൊഴി ഇനിയും നിലനില്ക്കുമോ എന്ന ചോദ്യത്തിന് 30 ശതമാനം പുരുഷൻമാരും 21 ശതമാനം സ്ത്രീകളും നിലനില്ക്കും എന്ന പ്രതീക്ഷയാണ് നല്കിയത്. എന്നാൽ, അതേസമയം അത് മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നുവെന്ന് എല്ലാവരും സമ്മതിക്കുകയും ചെയ്തു. മാപ്പിളവാമൊഴി ഏറെക്കാലം നിലനിൽക്കുകയില്ല എന്ന അഭിപ്രായമായിരുന്നു ഭൂരിപക്ഷം മാപ്പിളമാർക്കും. 71 ശതമാനം പുരുഷന്മാരും 70 ശതമാനം സ്ത്രീകളും ആ അഭിപ്രായത്തോടൊപ്പം നിന്നു. 8 ശതമാനം സ്ത്രീകൾ പക്ഷേ, അറിയില്ല എന്ന മറുപടിയാണ് ഈ ചോദ്യത്തിനും നല്കിയത്.

## വിശകലനങ്ങൾ

1. ഏറനാട് താലൂക്കിലെ മാപ്പിളമാരുടെ സാമുദായികവും സാസ്കാരികവുമായ കാര്യങ്ങളിൽ സ്ത്രീകളുടെയും പുരുഷൻമാരുടെയും പങ്കാളിത്തമുണ്ടെങ്കിലും മതപരമായകാര്യങ്ങളിൽ പൊതുവെ പുരുഷൻമാർക്കാണ്

മേൽക്കൈയുള്ളത്. പുതിയ തലമുറയിലെ സ്ത്രീക്ക് പൊതുവിദ്യാഭ്യാസവും മതവിദ്യാഭ്യാസവും ലഭിക്കാനുള്ള അനുകൂല സാഹചര്യം ഇപ്പോൾ ധാരാളമുണ്ട്. അതിനാൽ അവയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ മുന്നിലാണ്. തൊഴിൽ, സാമ്പത്തികസ്വാധീനം, സാമൂഹികപദവി എന്നിവയിൽ സ്ത്രീകളുടെ സാന്നിധ്യം പുരുഷൻമാരെ അപേക്ഷിച്ച് കുറവാണെങ്കിലും സ്വന്തം കർതൃത്വത്തിൽ തന്നെ പൊതു വിഷയങ്ങളിൽ ഇടപെടാനും സ്ഥാനം നേടാനും മാപ്പിളസ്ത്രീകൾക്ക് ഇപ്പോൾ അവസരങ്ങളുണ്ട്.

2. മാപ്പിളമാരിലെ വലിയ വിഭാഗം ആണുങ്ങൾ വിദേശത്തും മറ്റു സംസ്ഥാനങ്ങളിലും തൊഴിലിനുവേണ്ടി പ്രവാസത്തിലാണ്. ഏറനാട്ടിലെ ഏതാണ്ടെല്ലാ കുടുംബത്തിലും ഇത്തരത്തിൽ പ്രവാസജീവിതം നയിക്കുന്ന ആണുങ്ങളുണ്ട്. ഇവിടത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെല്ലാം 80 ശതമാനത്തിലധികം പെൺകുട്ടികളാണെന്ന് സാമാന്യമായ ഒരന്വേഷണത്തിലൂടെ ഗവേഷകൻ മനസ്സിലാക്കി. ഈ മാറ്റം മാപ്പിളമാരുടെ സാമൂഹിക - സാംസ്കാരിക ജീവിതത്തിലും ഭാഷാമനോഭാവത്തിലും പ്രതിഫലിക്കുന്നുണ്ട്. 'നല്ലഭാഷ' സംസാരിക്കാൻ ഉമ്മമാർ കുട്ടികളെ നിർബന്ധിക്കുന്നു എന്ന് ഒരു ആവേദകൻ പറയുകയുണ്ടായി. തനി മാപ്പിളപ്പദങ്ങളും മാപ്പിളമാരുടെ ഉച്ചാരണരീതികളും അപകർഷതയായി കരുതുന്നത് പുരുഷന്മാരെക്കാൾ കൂടുതലായി സ്ത്രീകളാണ്. 'നല്ലഭാഷ' എന്നത് മാനകഭാഷയോ ഭൂരിപക്ഷസമുദായത്തിന്റെ ഭാഷയോ ആണ്. ഈ അപകർഷത കൂടിവരുന്നതായാണ് അനുഭവം. ഇത് മാപ്പിളവാമൊഴിയുടെ സവിശേഷഘടകങ്ങളിൽ കാര്യമായ മാറ്റങ്ങൾ സൃഷ്ടിക്കും.

3. അന്യ സമുദായങ്ങളുമായി അധികം കലർപ്പുകളനുവദിക്കാതെ വളരുന്ന ഒരു സാമുദായിക സംസ്കാരത്തിലാണ് അവരുടെ ഭാഷാഭേദം ഏറ്റവും വ്യത്യസ്തത പുലർത്തുക. ആധുനികവും ആധുനികാനന്തരവുമായ സാമൂഹികമാറ്റങ്ങൾ മാപ്പിളമുസ്ലിംകളുടെ അടഞ്ഞ സാമുദായിക സ്വഭാവത്തെ തുറക്കുകയും ഒട്ടേറെ ബാഹ്യമായ കലർപ്പുകളുണ്ടാകാൻ നിർബന്ധിക്കുകയും ചെയ്തു. സിനിമ, ടി വി എന്നിവയുടെ സ്വാധീനവും വിദ്യാഭ്യാസമുന്നേറ്റവും സംസാരഭാഷയെ മാനകമാക്കി. ഇത്തരം മാറ്റങ്ങളെല്ലാം ഏറ്റവും കൂടുതൽ ബാധിക്കുക സ്ത്രീകളെയായതിനാൽ മാപ്പിളമാരുടെ വരുംതലമുറകളിൽ സാമുദായികമായ സവിശേഷതകൾ ഇനിയും കുറയുകയാണുണ്ടാവുക.

4. സമകാലിക മാപ്പിള സമുദായത്തെ ചിത്രീകരിക്കുന്ന സിനിമകളിലും നാടകങ്ങളിലും സാഹിത്യരൂപങ്ങളിലും ഇപ്പോഴും പഴയ

മാപ്പിളവാമൊഴിയുടെ തനിസ്വരൂപം ഉപയോഗിക്കുന്നവരായാണ് സ്ത്രീകളെയും പുരുഷന്മാരെയും പലപ്പോഴും അവതരിപ്പിക്കുന്നത്. എന്നാൽ വാമൊഴിയിലും അതിനെക്കുറിച്ചുള്ള ബോധത്തിലും മാപ്പിളമാർക്കും പ്രത്യേകിച്ച് അവരിലെ സ്ത്രീജനങ്ങൾക്കും സംഭവിച്ച മാറ്റങ്ങളെ യാഥാർഥ്യബോധത്തോടുകൂടി സമീപിക്കുന്ന അവതരണങ്ങൾ വളരെ കുറവാണ്.

ഗ്രന്ഥസൂചനകൾ

1. Ball, Martin.J (Ed.),2005,*Clinical Sociolinguistics*. U S A. Malden: Blackwell Publishing
2. Bowen Claire, 2008, *Linguistic Fieldwork a Practical Guide*. New York: Palgrave Macmillan
3. Joseph. John. E, 2004, *Language and Identity. National, Ethnic, Religious*. Basingstoke, New York: Palgrave Macmillan.
4. Omaniyi Tope& Fishman. Joshua A (Ed.), 2006, *Explorations in the Sociology of Language and Religion*. Amsterdam/Philadelphia: John Benjamins Publication Company
5. Sreedhar. M V, Dua. H R & Rajyashree Subbayya K. S, 1984, *Questionnaire Bank for Sociolinguistic Surveys in India*. Mysore : Central Institute of Indian Languages.
6. Stephen Dale F, 1980, *Mappilas of Malabar*. 1498 – 1922. Oxford University Press
7. Young Pauline V, 1996, *Scientific Social Surveys and Research,* New Delhi: Prentice – Hall of India Private Ltd.
8. ഗിരീഷ് പി എം. ഡോ., 2001, *അധികാരവും ഭാഷയും*. പാപ്പിയോൺ. കോഴിക്കോട്
9. ജമീൽ അഹമ്മദ്. ഡോ., 2017, *മലയാള മുസ്ലിം ഭാഷ,* സംസ്കാരം, ചരിത്രം. പ്രതീക്ഷ ബുക്സ്, കോഴിക്കോട്.